# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 734

30/06/2015-ൽ മറുപടിക്ക്

## സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും സാംക്രമിക രോഗങ്ങൾ തടയുന്നതിനുമായി ഈ മഴക്കാലത്തിനു മുന്നോടിയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുകയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗം കൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മ പരിപാടികളെപ്പറ്റി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനായോഗങ്ങൾ കൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡ്തല ആരോഗ്യ ശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം. ശുചിത്വ |

മിഷൻ- തദ്ദേശ ഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു. മഴക്കാലത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാനായി മഴക്കാല പൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.

1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22).
2. പ്ലാന്റേഷൻ ക്യാമ്പെയിൻ ( ഏപ്രിൽ 27-29)
3. ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ.മേയ് (18-20)
4. സേഫ് വാട്ടർ ക്യാമ്പെയിൻ (മെയ് 14 – 16)

എന്നിവ എല്ലാ ജില്ലകളിലും നടത്തി.

ജൂൺ ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നിവിടങ്ങളിൽ കൊതുക്, കൂത്താടി നശീകരണത്തിനായി ഡ്രൈഡേ ആചരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ